നമ്പർ:സി.പി.(3)46190/06. സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 17.11.2006

സർക്കുലർ നമ്പർ 52/06

വിഷയം: സഹകരണവകുപ്പ്-പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജിവനക്കാരുടെ ഭവന നിർമാണ വായ്പാ പരിധി ഉയർത്തുന്നത് സംബന്ധിച്ച്.

സൂചന: 1. ഈ ആഫീസിലെ 2.11.1999 ലെ 43/99-ാം നമ്പർ സർക്കുലർ.

2. സർക്കാരിന്റെ 8.8.01 ലെ 12464/സി3/2000/സഹ. നമ്പർ കത്ത്.

3. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ 18.10.2006ലെ നിവേദനം.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ഭവന നിർമാണ വായ്പയുടെ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ അല്ലെങ്കിൽ 2,50,000/- രൂപയോ ആയി നിജപ്പെടുത്തികൊണ്ട് സൂചന (2) സർക്കാർ കത്ത് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ കത്ത് സാഹചര്യത്തിൽ കെട്ടിട നിർമാണ സാധന സാമഗ്രികളുടെ വൻ തോതിലുള്ള വില വർദ്ധനവ്, അനുവദനീയമായ വായ്പ തുക കൊണ്ട് ഭവന നിർമാണ് അസാദ്ധ്യമാക്കി തീർത്തിരിക്കുന്നു എന്നും അതിനാൽ നിലവിലുള്ള വായ്പാ പരിധി വർദ്ധിപ്പിക്കണമെന്നും ജീവനക്കാരുടെ സംഘടന അപേക്ഷിച്ചിരിക്കുന്നു.

സൂചന (3) നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഇക്കാര്യം പരിശോധിച്ചതിലും പ്രാഥമിക സംഘങ്ങളിലെ ജീവനക്കാരുടെ ഭവന നിർമാണ വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 3,50,000/- രൂപയോ ഇതിലേതാണോ കുറവ് പ്രസ്തുത തുകയായി പുതുക്കി നിശ്ചയിക്കുന്നു. ഒരു സംഘത്തിന് ജീവനക്കാർക്ക് ടി ഇനത്തിൽ ആകെ നല്കാവുന്ന വായ്പയുടെ പരിധി അതായത് സംഘത്തിന്റെ സ്വന്തം ഫണ്ടിന്റെ 15% എന്നതായിതന്നെ തുടരുന്നതാണ്.

ജീവനക്കാർക്ക് ഭവന നിർമാണ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ സബ് റൂൾ തയ്യാറാക്കി/നിലവിലുള്ള സബ് റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അതാത് ജോയിന്റ് രജിസ്ട്രാർ ജനറൽമാരുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്. നിലവിലുള്ള ഭവന വായ്പാ നിബന്ധനകളിലെ മറ്റ് എല്ലാ വ്യവസ്ഥകളും അതേ പോലെ തുടരുന്നതാണ്.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

പകർപ്പ്:

1. എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾക്കും

(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്)
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്)
4. എഡിറ്റർ. സഹകരണ വീഥി/സഹകരണ ജേർണൽ
5. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവന്മാർക്കും
6. രജിസ്ട്രാറുടെയും/അഡീഷണൽ രജിസ്ട്രാർമാരുടെയും മേശപ്പുറത്ത്
7. ജനറൽ സെക്ഷൻ
8. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി